Government of India

SOCIAL JUSTICE DEPARTMENT
care, protection & empowerment

## പ്രവർത്തന രീതി



14567 ലേക്ക് കാൾ വരുന്നു



കാൾ ഓഫീസർ അവശ്യ വിവരങ്ങളും, മാനസിക പിന്തുണയും, മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.

നേരിട്ടുള്ള സേവനങ്ങൾക്കായി ഫീൽഡ് ഓഫീസർക്ക് കൈമാറുന്നു.



ഫീൽഡ് ഓഫീസർമാർ അനുബന്ധ വകുപ്പുകളുടെ സഹായത്തോടെ ഇടപെടൽ നടത്തുന്നു.






# നാഷണൽ ഹെല്പ് ലൈൻ ഫോർ സീനിയർ സിറ്റിസൺസ്

സാമൂഹ്യനീതി വകുപ്പ്
കേരള സർക്കാർ

# നാഷണൽ ഹെല്പ് ലൈൻ ഫോർ സീനിയർ സിറ്റിസൺസ്

കേരള സർക്കാരിന്റെ വയോജന സൗഹൃദ നയത്തിനു ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് മുഖേന വയോജനങ്ങൾക്കായുള്ള ടോൾ ഫ്രീ ഹെല്പ് ലൈൻ ആരംഭിച്ചിരിക്കുന്നു. മുതിർന്ന പൗരൻമാരുടെ ക്ഷേമവും സംരക്ഷണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയാണ് **എൽഡർലൈൻ** എന്ന ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. മുതിർന്ന പൗരന്മാർക്ക് അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും കോവിഡ് കാലഘട്ടത്തിൽ അനുഭവിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്തുന്നതിനും 14567 എന്ന ടോൾ ഫ്രീ നമ്പർ ഉപയോഗപ്പെടുത്താവുന്നതാണ്. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും ഉറപ്പ് വരുത്തുന്ന 2007 ലെ നിയമത്തിന്റെ സുഗമമായ നടത്തിപ്പിന് സഹായമാകാൻ എൽഡർ ലൈൻ പ്രവർത്തനങ്ങൾക്ക് സാധിക്കും. വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെയാണ് എൽഡർ ലൈൻ മുതിർന്ന പൗരന്മാർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നത്.

# സേവനങ്ങൾ



## വിവരങ്ങൾ

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ വയോജനങ്ങൾക്കുവേണ്ടി ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ / അതുമായി ബന്ധപ്പെട്ടിട്ടുള്ള പരാതികൾ / പെൻഷൻ / സർക്കാർ സന്നദ്ധ സ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധ സദനങ്ങൾ / വയോജന സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ.



## മാർഗ്ഗനിർദ്ദേശങ്ങൾ

മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 മായി ബന്ധപ്പെട്ട സഹായങ്ങൾ, മറ്റ് നിയമസഹായങ്ങൾ മുതിർന്ന പൗരൻമാർക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ ആവശ്യമായ ഇടപെടലുകൾ.



## മാനസിക പിന്തുണ

വയോജനങ്ങൾ നേരിടുന്ന മാനസിക പ്രയാസങ്ങൾക്കും കോവിഡാനന്തര മാനസിക സംഘർഷങ്ങൾക്കുമുള്ള പിന്തുണ.



## നേരിട്ടുള്ള സഹായങ്ങൾ

അഗതികളായ വയോജനങ്ങളുടെ പുനരധിവാസം, മാനസികവും ശാരീരികവുമായി ചൂഷണം നേരിടുന്ന പ്രായമായവർക്കുള്ള സഹായങ്ങൾ.

**മുതിർന്ന പൗരൻമാർക്കുള്ള വാതിൽപ്പടി സേവനം ആരംഭിച്ചിട്ടുള്ള പഞ്ചായത്തുകളിൽ ആവശ്യമായ ഇടപെടലുകൾക്കായി എൽഡർലൈൻ ടോൾ ഫ്രീ നമ്പർ 14567 -ൽ ബന്ധപ്പെടാവുന്നതാണ്.**